ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
,പൂജപ്പുര, തിരുവനന്തപുരം-12

# നടപടികൾ

വിഷയം : ജയിലുകൾ - ജീവനക്കാര്യം - വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേക്ക് ജീവനക്കാരെ സ്ഥാനക്കയറ്റം നല്കി നിയമിച്ച് ഉത്തരവാകുന്നു-

പരാമർശം : 31.01.2021 ൽ ജീവനക്കാർ സർവീസിൽ നിന്നും വിരമിച്ചത് മൂലമുള്ള ഒഴിവുകൾ.

**ഉത്തരവ് നമ്പർ. E6-7823/2016/PrHQ; തീയതി : 08-02-2021**

വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I ജീവനക്കാരായ ശ്രീമതി സുജാത കെ കെ, മാനന്തവാടി ജില്ലാ ജയിലിൽ നിന്നും ശ്രീമതി റഷീദ് എസ്, ആലപ്പുഴ ജില്ലാ ജയിലിൽ നിന്നും 31.01.2021 ൽ സർവീസിൽ നിന്നു വിരമിച്ചതിനാൽ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിൽ രണ്ട് ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

നിലവിലെ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം അടുത്തതായി സ്ഥാനക്കയറ്റം ലഭിക്കേണ്ടത് വിയ്യൂർ വനിതാ ജയിലിലെ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II ശ്രീമതി ഇ എ ഗീത, തിരുവനന്തപുരം വനിതാ തുറന്ന ജയിലിലെ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II ശ്രീമതി റൂബി ഫിലിപ്പ് എന്നിവരാണ്.

മേൽ സാഹചര്യത്തിൽ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേക്ക് ജീവനക്കാരെ ചുവടെ ചേർക്കുന്ന രീതിയിൽ സ്ഥാനക്കയറ്റം നല്കി നിയമിച്ച് ഉത്തരവാകുന്നു.

വിയ്യൂർ വനിതാ ജയിലിലെ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II ശ്രീമതി ഇ എ ഗീതയെ 30700-65400 രൂപ ശമ്പള സ്കെയിലിൽ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി മാനന്തവാടി ജില്ലാ ജയിലിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

തിരുവനന്തപുരം വനിതാ തുറന്ന ജയിലിലെ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II ശ്രീമതി റൂബി ഫിലിപ്പിനെ 30700-65400 രൂപ ശമ്പള സ്കെയിലിൽ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി ആലപ്പുഴ ജില്ലാ ജയിലിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ചും ടി ജയിലിൽ വനിതാ ലോക്കപ്പ് നിലവിലില്ലാത്തതിനാൽ മാവേലിക്കര സ്പെഷ്യൽ സബ് ജയിലിൽ അറ്റാച്ച് ചെയ്തും ഉത്തരവാകുന്നു.

ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കി വിവരമറിയിക്കേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ് : 1. ബന്ധപ്പെട്ട ജീവനക്കാർ (സൂപ്രണ്ട് മുഖാന്തിരം)
2. സൂപ്രണ്ട്
വനിതാ തുറന്ന ജയിൽ, തിരുവനന്തപുരം
വനിതാ ജയിൽ വിയ്യൂർ
ജില്ലാ ജയിൽ ആലപ്പുഴ / മാനന്തവാടി

പകർപ്പ് : ഡിഐജി ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ, സീനിയർ എ.ഓ., പിഎ ടു ഡിജിപി, സൂപ്രണ്ട് (എസ്റ്റ്), പ്രിസൺസ് വെബ്സൈറ്റ്, TC, ഫയൽ, കരുതൽ ഫയൽ.

E6-7823/2016/PrHQ
37b679